"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. -എറണാകുളം ജില്ല - കൊച്ചി കോർപറേഷൻ - കൊച്ചി നഗരസഭ ലിങ്ക് പാർക്ക് ക്രോസ്സ് റോഡ് - ഡിവിഷൻ റോഡ് പുനരുദ്ധാരണ പ്രവൃത്തി - പ്രവർത്തനാനുമതി ലഭിക്കുന്നതിന് മുൻപ് പ്രവൃത്തിയിലേർപ്പെട്ട നടപടിയും -കാലാവധിക്ക് ശേഷം കരാറിൽ ഏർപ്പെട്ട നടപടിയും സാധൂകരിച്ചും - പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കിയും - അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.284/2026/DMD തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:-
1. സ. ഉ. (സാധാ) നം. 127/2021/ഡി.എം.ഡി. തീയതി, 15.03.2025
2. എറണാകുളം ജില്ലാകളക്ടറുടെ 28.03.2026 ലെ LSGD/JD/EKM/20542026 -F5 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി എറണാകുളം ജില്ലയിലെ കൊച്ചി നഗരസഭ ലിങ്ക് പാർക്ക് ക്രോസ്സ് റോഡ് - ഡിവിഷൻ 73 റോഡ് പുനരുദ്ധാരണ പ്രവൃത്തി പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ കൊച്ചി നഗരസഭയിലെ ടി വിഷയം കൈകാര്യം ചെയ്യുന്ന ജീവനക്കാരന്റെ ഭാഗത്ത് നിന്നുള്ള അറിവില്ലായ്മ നിമിത്തം ടി പ്രവൃത്തിക്ക് പ്രവർത്തനാനുമതി നൽകുന്നതിനുള്ള അപേക്ഷയും, അനുബന്ധ രേഖകളും ലഭ്യമാക്കിയിരുന്നില്ല. ആയത് പ്രകാരം പ്രവർത്തനാനുമതി നല്കാൻ കഴിയാതെ വന്നതിനാൽ പ്രവൃത്തി കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി പ്രവൃത്തി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാതെ വരുകയും ചെയ്തു. മേൽ സാഹചര്യത്തിൽ കൊച്ചി നഗരസഭയിലെ ജീവനക്കാരന്റെ പ്രവർത്തി മനപൂർവ്വമല്ലാത്ത വീഴ്ചയായി പരിഗണിച്ച് പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന എറണാകുളം ജില്ലയിലെ കൊച്ചി നഗരസഭ ലിങ്ക് പാർക്ക് ക്രോസ്സ് റോഡ് - ഡിവിഷൻ 73 പുനരുദ്ധാരണ പ്രവൃത്തിക്ക് പ്രവർത്തനാനുമിതി ലഭിക്കുന്നതിന് മുൻപ് പ്രവൃത്തിയിലേർപ്പെട്ട നടപടിയും കാലാവധിക്ക് ശേഷം കരാറിൽ ഏർപ്പെട്ട നടപടിയും

സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കിയും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുകയിൽ നിന്നും കരാറിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി. വകുപ്പ് മാന്വൽ പ്രകാരമുള്ള ഫൈൻ ഈടാക്കിയ ശേഷം അന്തിമ ബിൽ തുക മാറി അനുവദിക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, എറണാകുളം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB3/58/2026-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 08-07-2026 09:57:48

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്